**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 1220

20.01.2014 -ൽ മറുപടി
നൽകേണ്ടത്

## 'ഭൂരഹിതരില്ലാത്ത കേരളം 2015 പദ്ധതി'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>,, ജോസഫ് വാഴക്കൻ<br>,, ബെന്നി ബെഹനാൻ<br>,, വി. ഡി. സതീശൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 'ഭൂരഹിതരില്ലാത്ത കേരളം 2015' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ :<br><br>(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br><br>(സി) ഭൂരഹിതരായവർക്ക് നൽകാനുള്ള ഭൂമി കണ്ടെത്തുന്നതിനും അവ വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ:<br><br>(ഡി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ ഒരുക്കിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ), (ബി), (സി) & (ഡി)<br><br>2015-ഓടുകൂടി കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടു കൂടി ആവിഷ്കരിച്ച പദ്ധതിയാണ് 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015' ഇതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ സ്വീകരിച്ച്, വില്ലേജാഫീസർ, തഹസീൽദാർ തലത്തിൽ അന്വേഷണം നടത്തി അർഹരായ 2,43,928 കുടുംബങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു.<br><br>2015- ലാണ് വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചതെങ്കിലും ആദ്യഘട്ടമായി ഒരു ലക്ഷം പേർക്ക് വാസയോഗ്യമായ 3 സെന്റ് ഭൂമി വീതം നൽകുവാനാണ് സർക്കാർ നടപടികൾ സ്വീകരിച്ചത്.<br><br>ഇതിനായി പരമാവധി സർക്കാർ ഭൂമി കണ്ടെത്തി പ്ലോട്ടുകൾ തിരിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലും, സംസ്ഥാന തലത്തിലുള്ള സ്പെഷ്യൽ ഓഫീസറുടെ മേൽനോട്ടത്തിലും പ്രവർത്തനങ്ങൾ നടന്നു. കണ്ടെത്തിയ ഭൂമിയിൽ ചിലതിൽ സ്റ്റേ |

കണ്ടെത്തിയ ഭൂമിയിൽ ചിലതിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ ആയത് വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടിയും എടുത്തു വരുന്നു.

ജില്ലകളിൽ കണ്ടെത്തിയ ഭൂമി വിതരണം നടത്തുന്നതിന് പട്ടികജാതിക്കാർ, അഗതികൾ, വിധവകൾ, വികലാംഗർ തുടങ്ങിയ മുൻഗണനാക്രമം മാനദണ്ഡമാക്കി, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സി-ഡിറ്റ് തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ഗുണഭോക്താക്കളേയും അവർക്കുള്ള പ്ലോട്ടുകളും തെരഞ്ഞെടുത്തു.

9 ജില്ലകളിൽ ഇതിനോടകം പട്ടയം വിതരണം നടന്നു. കണ്ണൂർ ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച അർഹരായ 11,033 കുടുംബങ്ങൾക്ക് 3 സെന്റ് വീതവും, 68 ആദിവാസി കുടുംബങ്ങൾക്ക് ഒരു ഏക്കർ വീതവും ഭൂമി നൽകി കണ്ണൂർ ജില്ലയെ ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ചു.

കാസർഗോഡ് ജില്ലയിലേയും അർഹതപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്ക് ഭൂമി വിതരണത്തിന് സജ്ജമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ